# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7653

15/07/2014 - ൽ മറുപടിക്ക്

## കൈരളി കപ്പൽ കാണാതായതിനെക്കുറിച്ചുള്ള അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എൻ.എ.ഖാദർ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സർക്കാരിന്റെ ഉടമസ്ഥതയിലായിരുന്നതും 1979 ജൂലൈ മുതൽ കാണാതായതുമായ കൈരളി എന്ന കപ്പൽ സംബന്ധിച്ച് എന്തു വിവരങ്ങളാണ് ഇപ്പോഴുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) മർമ്മ ഗോവ തുറമുഖത്തു നിന്നും റോസ്സ്റ്റോക്കിലേക്ക് ഇരുമ്പയിരുമായി പുറപ്പെട്ട "കൈരളി" എന്ന കപ്പൽ 1979 ജൂലായിൽ നഷ്ടപ്പെട്ടു എന്നാണ് ഇപ്പോഴുള്ള വിവരം. |
| (ബി) മർമ്മഗോവ തുറമുഖത്തുനിന്ന് യൂറോപ്പിലെ റോസ് സ്റ്റോക്ക് തുറമുഖത്തേയ്ക്ക് ഇരുമ്പയിരുമായി 49 ജീവനക്കാരുമായി പോയ ഈ കപ്പലിനെക്കുറിച്ചോ ജീവനക്കാരെക്കുറിച്ചോ ഇന്നുവരെ ഒരു വിവരവും കിട്ടിയിട്ടില്ലെന്ന് പറയുന്നത് ശരിയാണോയെന്ന് വ്യക്തമാക്കുമോ; | (ബി) കപ്പലിനെക്കുറിച്ചോ അതിലെ ജീവനക്കാരെക്കുറിച്ചോ ഇതുവരെ യാതൊരു വിവരവും കിട്ടിയിട്ടില്ല. |
| (സി) ഈ വിഷയത്തിൽ ഇതുവരെ നടന്ന അന്വേഷണവും അതിന്റെ ഫലവും സംബന്ധിച്ച് വിശദമാക്കുമോ? | (സി) 1979 -ൽ കപ്പൽ നഷ്ടപ്പെട്ടപ്പോൾ ഇതു സംബന്ധിച്ച് നിയമപ്രകാരമുള്ള അന്വേഷണങ്ങൾ നടത്തിയിരുന്നു. എന്നാൽ കപ്പലിനെക്കുറിച്ചോ കപ്പൽ ജീവനക്കാരെക്കുറിച്ചോ യാതൊരറിവും ലഭിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ